# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *257 08.05.2017 -ൽ മറുപടിയ്ക്ക്

## ഉന്നത വിദ്യാഭ്യാസ രംഗത്തെ മുന്നേറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>,, ഹൈബി ഈഡൻ<br>,, വി. ടി. ബൽറാം<br>,, റോജി എം. ജോൺ : | പ്രൊഫ. സി രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ രംഗത്ത് സംസ്ഥാനത്തിന് വേണ്ടത്ര മുന്നേറ്റം കുറിക്കുവാൻ സാധിച്ചിട്ടുണ്ടോ; | (എ) | ഉന്നത വിദ്യാഭ്യാസരംഗത്ത് ഗുണനിലവാരം ഉയർത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനിക രീതിയിലുള്ള അധ്യാപക പരിശീലനത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളോടനുബന്ധിച്ച് ഗവേഷണ കേന്ദ്രങ്ങളും പോളിടെക്നിക് കോളേജുകളോടനുബന്ധിച്ച് ഉൽപാദന പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ച് ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ അക്കാദമിക് - വ്യാവസായിക മേഖലകളുടെ സമന്വയമായ "ട്രെസ്റ്റ്" (Trivandrum Engineering Science and Technology Research Park- (TREST) പാർക്കും പ്രവർത്തിച്ചു വരുന്നു. വിജയശതമാനത്തിന്റെ കാര്യത്തിലും പ്ലേസ്മെന്റ് കണക്കുകളിലും സർക്കാർ മേഖലയിലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്ന നിലവാരമാണ് പുലർത്തി വരുന്നത്. |

| | | | |
|---|---|---|---|
| (ബി) | കേന്ദ്രമാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ റാങ്കിംഗിൽ ആദ്യത്തെ 100 സർവ്വകലാശാലകളിൽ കേരള സർവ്വകലാശാല 29-ാം സ്ഥാനത്താണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | റാങ്കിംഗിൽ മുൻനിരയിൽ എത്തിയ സ്ഥാപനങ്ങൾക്ക് കൂടുതൽ ഗ്രാന്റ് നൽകുമെന്ന കേന്ദ്രമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ, പിന്നിൽ നിൽക്കുന്ന കേരളത്തിലെ മറ്റ് സർവ്വകലാശാലകളെ മുൻനിരയിലെത്തിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | റാങ്കിംഗിൽ മുൻനിരിയിലെത്താനുള്ള അർത്ഥപൂർണ്ണമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. |
| (ഡി) | ഉന്നത വിദ്യാഭ്യാസരംഗത്തെ വികസനം ലക്ഷ്യമിട്ട് കേന്ദ്രസർക്കാർ രൂപം നൽകിയിട്ടുള്ള ഹയർ എഡ്യൂക്കേഷൻ ഫിനാൻസിംഗ് ഏജൻസിയുടെ സഹായം സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് ലഭിക്കുന്നുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | ഉന്നത വിദ്യാഭ്യാസ രംഗത്ത് ദീർഘവീക്ഷണത്തോടു കൂടിയതും സങ്കുചിതതാല്പര്യങ്ങൾക്കതീതവുമായ പരിഷ്കാരങ്ങൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ? | | ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ള പദ്ധതികൾ സർവ്വകലാശാല തലത്തിൽ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇന്റർ സ്കൂൾ /ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇന്റർ ഡിസിപ്ലിനറിയായ വിഷയങ്ങളിൽ |

| | | | |
|---|---|---|---|
| | | | ഗവേഷകർക്കു വേണ്ട സഹായ സൗകര്യങ്ങളും നിർദ്ദേശങ്ങളും ഇത്തരം പഠനകേന്ദ്രങ്ങൾ നൽകിവരുന്നു. അത്യാധുനിക പഠനോപാധികളും സജ്ജീകരണങ്ങളുമുള്ള ലബോറട്ടറികൾ യന്ത്രസംവിധാനങ്ങൾ എന്നിവ ഗവേഷകർക്ക് ഉപയോഗിക്കാനുള്ള അവസരമൊരുക്കുകയും ശില്പശാലകളും പഠനക്ലാസ്സുകളും പ്രദർശനങ്ങളും സെമിനാറുകളും സംഘടിപ്പിക്കുകയും ചെയ്യുന്നു. ഇതിനുപുറമെ നിരവധി വിദേശ സർവ്വകലാശാലകളുമായും കേന്ദ്ര ഗവേഷണസ്ഥാപനങ്ങളുമായും സഹകരിച്ച് പ്രവർത്തിക്കുവാനുള്ള കരാറുകളും ഉണ്ട്.<br><br>ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതി, പ്രാപ്യത, ഗുണമേന്മ എന്നിവ ഉറപ്പാക്കുന്നതിന് താഴെ പറയുന്ന പദ്ധതികളും പരിപാടികളും ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നടപ്പിലാക്കി വരുന്നു.<br><br>(1) എറുഡൈറ്റ് പദ്ധതി<br>(2) ക്ലസ്റ്റർ കോളേജ് പദ്ധതി<br>(3) ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി<br>(4) കൗൺസിൽ ജേണൽ<br><br>ഉന്നത വിദ്യാഭ്യാസ രംഗത്ത് ദൂരവ്യാപകമായ പ്രഭാവം സൃഷ്ടിക്കാൻ കഴിയുന്ന താഴെപറയുന്ന പദ്ധതികൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>(എ) പ്രബുദ്ധത (കമ്മ്യൂണിറ്റി ഹയർ എഡ്യൂക്കേഷൻ)<br>(ബി) ധൈഷണിക പര്യാവരൺ (ലേണർ എക്കോസിസ്റ്റം കാമ്പസുകൾ) |

സെക്ഷൻ ഓഫീസർ